# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *457 18.11.2019-ൽ മറുപടിക്ക്

## അട്ടപ്പാടിയിൽ മാവോയിസ്റ്റ്- പോലീസ് ഏറ്റുമുട്ടൽ

| | ചോദ്യം<br><br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ. കെ. സി. ജോസഫ്<br>ശ്രീ. കെ. എസ്. ശബരീനാഥൻ<br>ശ്രീ. റോജി എം. ജോൺ | | മറുപടി<br><br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | അട്ടപ്പാടിയിൽ മാവോയിസ്റ്റ് നേതാവ് മണിവാസകത്തെ പോലീസ് കസ്റ്റഡിയിലെടുത്ത് വെടിവച്ച് കൊല്ലുകയായിരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും (ഡി) യും | 28.10.2019-ൽ നടന്ന വെടിവയ്പ്പിൽ കൊല്ലപ്പെട്ട നിരോധിത സി.പി.ഐ (മാവോയിസ്റ്റ്) പ്രവർത്തകരുടെ മൃതദേഹം ഇൻക്വസ്റ്റ് ചെയ്യുന്നതിനായി 29.10.2019-ൽ സംഭവ സ്ഥലത്തേയ്ക്ക് പോകുകയായിരുന്ന ഒറ്റപ്പാലം സബ് കളക്ടറടങ്ങിയ സംഘത്തിന് നേരെ മാവോയിസ്റ്റ് പ്രവർത്തകർ നിറയൊഴിച്ചതിനെത്തുടർന്ന് സ്വയരക്ഷാർത്ഥം തണ്ടർ ബോൾട്ട് സേനാംഗങ്ങൾ തിരികെ വെടിയുതിർത്തപ്പോഴാണ് ഈ മാവോയിസ്റ്റ് പ്രവർത്തകൻ കൊല്ലപ്പെട്ടത് എന്നാണ് പോലീസ് റിപ്പോർട്ട് വ്യക്തമാക്കുന്നത്.<br><br>പോലീസ് നടപടിയിൽ എന്തെങ്കിലും വീഴ്ചയുണ്ടോയെന്ന് പരിശോധിക്കുന്നതിന് ബഹു.സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായവും ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ മാർഗനിർദ്ദേശങ്ങളും അനുസരിച്ചുള്ള |
| (ബി) | അട്ടപ്പാടിയിൽ നടന്നത് വ്യാജ ഏറ്റുമുട്ടൽ മാത്രമല്ല അത് ന്യായീകരിക്കുവാൻ വ്യാജതെളിവുകളും പോലീസ് ചമച്ചു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | | |
| (സി) | സർക്കാരിനെ പോലീസ് തെറ്റിദ്ധരിപ്പിച്ചതായും ഭരണഘടനാവിരുദ്ധമായ നടപടിയാണ് പോലീസ് നടത്തിയതെന്നും കണ്ടെത്തിയിട്ടുണ്ടോ; | | |
| (ഡി) | ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന ക്രൈംബ്രാഞ്ച് അന്വേഷണം വസ്തുതകൾ വെളിച്ചത്ത് കൊണ്ടുവരാൻ പര്യാപ്തമല്ലാത്തതിനാൽ | | |

| | | | |
|---|---|---|---|
| | ജുഡീഷ്യൽ അന്വേഷണം നടത്തുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കാമോ? | | നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഇക്കാര്യത്തിൽ രജിസ്റ്റർ ചെയ്ത രണ്ടു കേസുകളിലും ക്രൈംബ്രാഞ്ച് അന്വേഷണം നടന്നുവരുന്നു. CrPC സെക്ഷൻ 176 പ്രകാരം പാലക്കാട് ജില്ലാ കളക്ടറെ മജിസ്ട്രേറ്റുതല അന്വേഷണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ളതും അന്വേഷണം നടന്നു വരികയുമാണ്. ഇതിനുപുറമെ, പോലീസ് ഉപയോഗിച്ച തോക്കുകൾ പിടിച്ചെടുത്ത് ഫോറൻസിക്, ബാലിസ്റ്റിക് പരിശോധനക്ക് അയക്കുവാൻ അന്വേഷണത്തിന് മേൽനോട്ടം വഹിക്കുന്ന കോഴിക്കോട് ക്രൈം ബ്രാഞ്ച് എസ്.പി ക്ക് ബഹു. ഹൈക്കോടതി 12.11.2019 തീയതിയിലെ വിധിന്യായത്തിലൂടെ നിർദ്ദേശം നൽകിയിട്ടുമുണ്ട്. ഈ സംഭവത്തിൽ ജുഡീഷ്യൽ അന്വേഷണം നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**